# ഇ അഹമ്മദിന് ബ്രൂണെ സുൽത്താന്റെ ഹൃദ്യമായ സ്വീകരണം

ബ്രൂണെ ദാറുസ്സലാം: ബ്രൂണെ സന്ദർശിക്കുന്ന ഇന്ത്യൻ കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ അഹമ്മദിനു സുൽത്താൻ ഹസനുൽ ബൊൽകിയ തന്റെ കൊട്ടാരത്തിൽ ഹൃദ്യമായ സ്വീകരണം നൽകി. ഇന്ത്യയും ബ്രൂണെയും തമ്മിലുള്ള അന്താരാഷ്ട്ര ബന്ധം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും ഇരുരാഷ്ട്രങ്ങൾക്കുമിടയിൽ നിലനിൽക്കുന്ന പദ്ധതികളെക്കുറിച്ച വിശദമായ ചർച്ചകൾ നടന്നു.

2008 മേയിൽ സുൽത്താൻ ഹസനുൽ ബൊൽകിയ ഇന്ത്യ സന്ദർശിച്ചിരുന്നു. അന്നത്തെ സുപ്രധാന തീരുമാനങ്ങളുടെ ഫലപ്രാപ്തിയെക്കുറിച്ചും പുതിയ പദ്ധതികളുമായും ബന്ധപ്പെട്ട വിഷയങ്ങളായിരുന്നു ഇരുരാഷ്ട്രങ്ങൾക്കുമിടയിൽ ഇപ്പോൾ നടന്ന ചർച്ചയുടെ പ്രധാനവശങ്ങൾ. കൂടിക്കാഴ്ചക്കിടെ തന്റെ ഇന്ത്യാസന്ദർശനത്തിന്റെ ആഹ്ലാദകരമായ അനുഭവങ്ങളും ബ്രൂണേയോട് രാജ്യം കാട്ടിയ സ്നേഹോഷ്മളതയെയും അദ്ദേഹം അതീവ പ്രാധാന്യത്തോടെ അനുസ്മരിച്ചു. ഇന്ത്യക്ക് പ്രകൃതിവാതകം നൽകുന്നതുമായി ബന്ധപ്പെട്ട് നേരത്തെയുണ്ടായിരുന്ന ഇന്ത്യയുടെ അഭ്യർത്ഥന ഇ അഹമ്മദ് ഒരിക്കൽ കൂടി രാജാവിനെ ധരിപ്പിച്ചു. അതേസമയം പ്രകൃതി വാതകവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തന്റെ രാജ്യത്തിന്റെ പ്രധാന പരിഗണനകളിലൊന്നാണെന്ന് സുൽത്താൻ ഇ അഹമ്മദിനെ അറിയിച്ചു.

ബ്രൂണെയിൽ ഏറെക്കാലമായി ഇന്ത്യക്കാർക്ക് നൽകപ്പെടുന്ന പ്രധാന പരിഗണനയിൽ ഇ അഹമ്മദ് സുൽത്താന് നന്ദി അറിയിച്ചു. സ്വന്തം രാജ്യത്തെ പൗരന്മാരെപ്പോലെ ഇന്ത്യക്കാരെയും പരിഗണിക്കുന്ന ബ്രൂണെയുടെ ആതിഥ്യസ്വഭാവം മഹത്തരമാണെന്നും അതിന് രാജാവ് തികച്ചും അഭിനന്ദനമർഹിക്കുന്നതായും അഹമ്മദ് പറഞ്ഞു.

ഇന്ത്യയുമായുള്ള അന്താരാഷ്ട്ര ബന്ധത്തിന് പുതിയ ഊഷ്മളത പകരാൻ തന്റെ രാജ്യം ആഗ്രഹിക്കുന്നതായി സുൽത്താൻ പറഞ്ഞു. ഉഭയകക്ഷി ബന്ധങ്ങളിൽ പുതിയ മാർഗരേഖക്കു രൂപരേഖ നൽകുന്നതിനും ഇ. അഹമ്മദിന്റെ സന്ദർശനത്തോടെ തുടക്കമായി.

ബ്രൂണെയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ എൽഡി റാൽതെ, ഡയറക്ടർ മനീഷ് ചൗഹാൻ, ഡെപ്യൂട്ടി സെക്രട്ടറി ജയ്സ്വാൾ, അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി ടി.എം. ഇസ്മായിൽ എന്നിവർ പ്രതിനിധി സംഘത്തിൽ മന്ത്രിയോടൊപ്പമുണ്ടായിരുന്നു. ഏറെക്കുറെ ഒരു പതിറ്റാണ്ടിനു ശേഷമാണ് ഇന്ത്യയുടെ മന്ത്രിതല പ്രതിനിധി സുൽത്താനുമായി ബ്രൂണെയിൽവെച്ച് കൂടിക്കാഴ്ച്ച നടത്തുന്നത്.

സുൽത്താനെ കൂടാതെ ബ്രൂണെ വിദേശകാര്യ മന്ത്രി, കമ്മ്യൂണിക്കേഷൻ മന്ത്രി, വിദ്യഭ്യാസ മന്ത്രി എന്നിവരുമായും മന്ത്രി അഹമ്മദ് കൂടിക്കാഴ്ച്ച നടത്തി.